പത്രക്കുറിപ്പ് 11.07.2024

# നിർമ്മിതബുദ്ധിയുടെ സാധ്യതകൾ ഉത്തരവാദിത്തത്തോടെ ഉപയോഗപ്പെടുത്തണം: ഐബിഎം സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് നിർമ്മൽ

**കൊച്ചി**: നിർമ്മിതബുദ്ധിയുടെ വലിയ സാധ്യതകൾ ഉത്തരവാദിത്തത്തോടെ ഉപയോഗപ്പെടുത്താൻ കമ്പനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഐബിഎം സീനിയർ വൈസ് പ്രസിഡന്റ് (സോഫ്റ്റ് വെയർ ഡെവലപ്മെന്റ്) ദിനേശ് നിർമ്മൽ പറഞ്ഞു. കൊച്ചിയിൽ ആരംഭിച്ച ദ്വിദിന ജെൻ എഐ അന്താരാഷ്ട്ര കോൺക്ലേവിൽ 'ജെൻ എഐ ന്യൂ ടെക്നോളജി നോർത്ത് സ്റ്റാർ ആൻഡ് ഡ്രൈവിംഗ് ഇന്നൊവേഷൻ വിത്ത് വാട്സൺഎക്സ്' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ 50 ശതമാനത്തോളം കമ്പനികൾ നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്താൻ തയ്യാറെടുക്കുകയാണ്. ഈ സാങ്കേതികവിദ്യയെപ്പറ്റി കമ്പനി അധികൃതർ സാമാന്യബോധം ആർജിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം അപകടങ്ങളിൽ ചെന്നുചാടാൻ സാധ്യതയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി സഹകരിച്ച് ബോൾഗാട്ടി ലുലു ഗ്രാൻഡ് ഹയാറ്റ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

ഐബിഎം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബിസിനസ് വാല്യുവും ഓക്സ്ഫോർഡ് ഇക്കണോമിക്സ് ചേർന്ന് അടുത്തിടെ നടത്തിയ പഠന പ്രകാരം 49 ശതമാനം ഇന്ത്യൻ സിഇഒമാരും തങ്ങളുടെ നേതൃത്വത്തിലുള്ള കമ്പനികളിൽ നിർമ്മിതബുദ്ധിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള ചിന്തയിലാണെന്നും ദിനേശ് നിർമ്മൽ പറഞ്ഞു.

നിർമ്മിതബുദ്ധി സാങ്കേതികവിദ്യ 2035 ഓടെ ഒരു ട്രില്യൺ ഡോളറോളം ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ പ്രദാനം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മിതബുദ്ധിയുടെ വികാസത്തിലും ഉപയോഗത്തിലും വിന്യാസത്തിലും ഡേറ്റാ ശേഖരണത്തിന് വലിയ പങ്കുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അത്യാധുനിക സോഫ്റ്റ് വെയർ സാങ്കേതികവിദ്യയിൽ യന്ത്രങ്ങൾ ഉപയോഗപ്പെടുത്താനാകും. എന്നാൽ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നതിലൂടെ വ്യവസായ ബിസിനസ് മേഖലയിൽ ഉൽപ്പാദനക്ഷമതയും പ്രവർത്തനശേഷിയും പതിന്മടങ്ങ് വർധിപ്പിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജെൻ എഐ യ്ക്ക് ഇപ്പോൾ തന്നെ 694,000 മാതൃകകളുണ്ട്. പക്ഷെ ലോകമെമ്പാടുമുള്ള കമ്പനികളിൽ പത്തു ശതമാനം മാത്രമാണ് നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുന്നത്. ഭൂരിപക്ഷം ബിസിനസ് സംരംഭങ്ങളും ജെൻ എഐ ഉപയോഗപ്പെടുത്താൻ ഇരിക്കുന്നതേയുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രഭാഷണത്തെ തുടർന്ന് ജെൻ എഐ പ്ലാറ്റ്ഫോമായ 'വാട്സൺഎക്സ്' ഉപയോഗിക്കേണ്ട വിധത്തെക്കുറിച്ച് എഞ്ചിനീയർമാരായ സുധീഷ് കൈരളും റിനു തങ്കച്ചനും പരിചയപ്പെടുത്തി. ശേഷം നടന്ന ചർച്ചയിൽ കംപാറസ് സിഇഒ ദിമിത്രി ഗാമർനിക്, എസ് ആൻഡ് പി ഗ്ലോബൽ മാർക്കറ്റ് ഇന്റലിജൻസ് ചീഫ് ഡാറ്റ ഓഫീസർ അഭിഷേക് തോമർ, സെവിയ ഫുട്ബോൾ ക്ലബ് സിടിഒ ഏലിയാസ് സമോറ, ബോസ്റ്റൺ കൺസൾട്ടൻസി ഗ്രൂപ്പ് എംഡി അമിത് കുമാർ എന്നിവർ പങ്കെടുത്തു.

2000 ത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന രണ്ട് ദിവസത്തെ ചർച്ചയിൽ 17 സെഷനുകളാണ് ഉള്ളത്.